# അരുത് കൂട്ടരേ,
# അത് ജിന്നുസേവയാണ്!

## FREQUENTLY ASKED QUESTIONS (FAQ)
## (പതിവായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന ചോദ്യങ്ങൾ)

"ജിന്നിനോട് സഹായം തേടുന്നത് മരിച്ചവരോടും മറഞ്ഞവരോടും സഹായം തേടുന്നതു പോലെ കൊടിയ ശിർക്കാണ്. ശിർക്കാകാത്ത, ഭൗതികമായ ഒരു സഹായം തേടൽ ജിന്നിനോട് സാധ്യമല്ല."

ലളിതമായ ഈ സത്യം ജനം മനസ്സിലാക്കുന്നത് തടയിടാൻ ജിന്നുപിശാചുക്കളും മനുഷ്യപ്പിശാചുക്കളും സംയുക്തമായി ആശയക്കുഴപ്പം സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്.

*അരുത് കൂട്ടരേ, അത് ജിന്നുസേവയാണ്!* എന്ന പുസ്തകം പ്രസിദ്ധീകരിച്ചതിനു ശേഷം വിവിധ കോണുകളിൽനിന്ന് പതിവായി ഉയരുന്ന ചില ചോദ്യങ്ങളുണ്ട്. ചോദ്യകർത്താക്കൾ ഏത് സംഘടനയിൽ പെട്ടവരായിരുന്നാലും അവർക്കെല്ലാം ഒരേ നിറമാണ്! ഒരേ ഭാഷയാണ്!! അവർ ഹൃദയം നിറയെ ജിന്ന് കുടിപ്പിക്കപ്പെട്ടിരിക്കുന്നു. വിഷയത്തിന്റെ മെറിറ്റിനെ കുറിച്ചല്ല ചോദ്യം. സകരിയ്യാ സ്വലാഹി ﵀യുടെ അപ്രമാദിത്വത്തെ കുറിച്ചാണ്. അല്ലെങ്കിൽ ഗ്രന്ഥരചയിതാവിന്റെ വ്യക്തിപരമായ കുറ്റങ്ങളെയും കുറവുകളെയും സംബന്ധിച്ചാണ്. മടിയിൽ തെളിവോ തലയിൽ വെളിവോ ഇല്ലാത്താവർ വഴിനീളെ നടത്തുന്ന അഭ്യാസപ്രകടനങ്ങൾ എന്നും എവിടെയും ഇങ്ങനെയൊക്കെതന്നെയാണല്ലോ.

ഏറ്റവും ശ്രദ്ധേയമായ കാര്യം, 'സകരിയ്യ സ്വലാഹിക്ക് അങ്ങനെ വാദമില്ല, നിങ്ങൾ മരിച്ചുപോയ ഒരു വ്യക്തിയെ കുറിച്ച് ദുരാരോപണം നടത്തുകയാണ്' എന്നു പറയുന്ന ഏതൊരാളോടും, ജിന്നിനോട് സഹായം ചോദിക്കുന്നത് ശിർക്കാണെന്ന് നിങ്ങൾ പറയുമോ എന്നു തിരിച്ചുചോദിച്ചാൽ തീർന്നു. പിന്നെ ഉരുളലോടുരുളലാണ്. വസീലത്തുശ്ശിർക്ക്, ഹറാം, അങ്ങനെ ചെയ്യുന്നില്ലല്ലോ, പണ്ഡിതന്മാർ പറഞ്ഞിട്ടില്ലേ, ഇമാം അഹ്മദ് ചെയ്തിട്ടില്ലേ, നിങ്ങളും ഈ വാദം പറഞ്ഞിട്ടുണ്ടല്ലോ.. ഇങ്ങനെ വൈരുദ്ധ്യങ്ങളിൽ ഉരുളാനുള്ള ഇവരുടെ വൈദഗ്ധ്യം പ്രകടിപ്പിക്കുകയായി! ആരാണ് ഇവർക്കെല്ലാം മാരകമായ ഈ ശിർക്കൻ ആശയം പഠിപ്പിച്ചു കൊടുത്തത്?

ഇതു സംബന്ധിച്ച് പതിവായി ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങളാണ് ഇവിടെ അഭിസംബോധന ചെയ്യുന്നത്. പറയുന്നത് തീർത്തും സത്യസന്ധമാണ്; അവഗണിക്കേണ്ടവ അവഗണിക്കുകയും ചെയ്തിട്ടുണ്ട്.

ചോദ്യം-1 : സകരിയ്യാ സ്വലാഹിയുമായി നിങ്ങൾക്ക് വല്ല പ്രശ്നങ്ങളുമുണ്ടോ?

ഉത്തരം : ഉണ്ട്, ജിന്നിനോട് ഭൗതികമായ മാർഗ്ഗത്തിൽ സഹായം ചോദിക്കുന്നത് ശിർക്കല്ല എന്ന അവന്റെ വാദത്തോട് എതിർപ്പുണ്ട്. അവന്റെ വാദം തെറ്റാണ്. ജിന്നിനോട് സഹായം ചോദിക്കൽ ശിർക്കാണ്.

ചോദ്യം-2 : അദ്ദേഹത്തിന് അങ്ങനെ വാദമുണ്ടോ, അതോ നിങ്ങളുടെ ദുരാരോപണമോ?

ഉത്തരം : رَبَّنَا لَا تَجْعَلْ فِي قُلُوبِنَا غِلًّا لِلَّذِينَ آمَنُوا.. റബ്ബേ, മുഅ്മിനുകളോട് ഞങ്ങളുടെ ഹൃദയത്തിൽ യാതൊരു പകയും നീ ജനിപ്പിക്കല്ലേ.. എന്നത് എന്റെ പതിവു പ്രാർത്ഥനയാണ്. സകരിയ്യാ സ്വലാഹി, വളർച്ചയുടെയും ഉയർച്ചയുടെയും പടികൾ കേറുമ്പോൾ അത് കണ്ട് സന്തോഷിക്കുന്ന ഗുരുമനസ്സാണ് എന്റെ നെഞ്ചകത്തുള്ളത്. ശിഷ്യഗണങ്ങൾ പിഴക്കുമ്പോൾ അത് സ്വന്തം കുറവായി വിലയിരുത്തുന്ന ഒരധ്യാപകന് അങ്ങനെ ആരോപിക്കാൻ കഴിയില്ല.

എന്നോട് വ്യക്തിപരമായി സംസാരിച്ച രണ്ടുപേരാണ് സകരിയ്യാ സ്വലാഹിയും അബ്ദുൽ ജബ്ബാർ മൗലവിയും. (رَحِمَهُمَا اللهُ وَغَفَرَ لَهُمَا) അതു കൊണ്ടാണ് അവരെ ഞാൻ എന്റെ പുസ്തകത്തിൽ പേരെടുത്ത് പറഞ്ഞത്. അവർ രണ്ടുപേരും അതിൽനിന്ന് മാറിയതായി എനിക്കറിയില്ല. മാറിയിരുന്നെങ്കിൽ എന്നാണ് ഞാൻ പ്രത്യാശിച്ചിരുന്നതും പ്രാർത്ഥിച്ചിരുന്നതും. അതേ വാദഗതിയുള്ളവർ വേറെയുമുണ്ടല്ലോ.

ചോദ്യം-3 : ജിന്നിനോട് സഹായം ചോദിക്കുന്നത് ശിർക്കാണ് എന്ന് സകരിയ്യാ സ്വലാഹി പറഞ്ഞതായി യൂട്യൂബിലും മറ്റും കേൾക്കാൻ കഴിയുന്നുണ്ടല്ലോ അതിനെ കുറിച്ച് എന്ത് പറയുന്നു?

ഉത്തരം : ഞങ്ങളോടെല്ലാം അവൻ പറഞ്ഞിരുന്നത്, <u>ജിന്നിനോട് ഭൗതികമായ മാർഗ്ഗത്തിൽ സഹായം ചോദിക്കുന്നത് ശിർക്കല്ല</u> എന്നാണ്. അതിനാണ് തിരുത്ത് വേണ്ടത്. അതിന്റെ പേരിലാണ് അവനെ മുജാഹിദ് സംഘടനയിൽനിന്ന് പുറത്താക്കിയത്. <u>ഭൗതികമായ മാർഗ്ഗത്തിൽ ജിന്നിനോട് സഹായം തേടുന്നത് ശിർക്കാണെന്ന് അവൻ വ്യക്തമാക്കിയ ഒന്നും ഇതു വരെ ഞാൻ കണ്ടിട്ടില്ല.</u>

ചോദ്യം-4 : ഭൗതികമായ മാർഗ്ഗത്തിൽ ജിന്നിനോട് സഹായം ചോദിക്കുമ്പോൾ പരമമായ താഴ്മയും വണക്കവും കാണിക്കുന്നില്ല. അതിനാൽ അത് ശിർക്കാവുകയുമില്ല. ഈ നിരീക്ഷണത്തെ കുറിച്ച് എന്ത് പറയുന്നു?

ഉത്തരം : അസ്സലായി! ഇലാഹാണെന്ന വിശ്വാസമില്ലാതെയാണ് മറമാടപ്പെട്ടവരോട് ഖുബൂരികളും സഹായം തേടുന്നത്. അതു പോലെ തന്നെയല്ലേ, പരമമായ താഴ്മയും വണക്കവും കാണിക്കാതെയാണ് ജിന്നിനോട് സഹായം തേടുന്നത് എന്ന ജിന്നുവാദികളുടെ ജല്പനവും? പേരു മാറ്റിയതു കൊണ്ട് വസ്തുത മാറുകയില്ല. അതെ, മദ്യത്തിന്റെ പേരു മാറ്റി മദ്യപിക്കുന്ന ഒരു കൂട്ടർ വരാനിരിക്കുന്നു എന്ന് നബി ﷺ പറഞ്ഞിട്ടുണ്ട്.

മരുഭൂമിയിൽ വഴിതെറ്റിയാൽ, വിജനമായ സ്ഥലത്തു വെച്ച് വാഹനം ഓടിപ്പോയാൽ, നിസ്സാഹായാവസ്ഥകളിൽ അകപ്പെട്ടാൽ സഹായത്തിനു വേണ്ടി മനസ്സ് ആരിലേക്ക് തിരിയുന്നുവോ അവനോടുള്ള മനോഭാവത്തിന്റെ പേരാണ് أقصى غاية الخضوع والتذلل അഥവാ പരമമായ താഴ്മയും വണക്കവും. അല്ലാതെ, അത് റേഷൻകടയിൽനിന്ന് വാങ്ങിക്കൊണ്ടു വരുന്ന മറ്റൊരു ചരക്കല്ല. മദ്യക്കുപ്പിക്കു മീതെ മധുരപാനീയം എന്നെഴുതിവെക്കാം. വ്യഭിചാരത്തിന് പരോപകാരം എന്ന് പേരിടാം. പക്ഷെ, വസ്തുത മാറുകയില്ലല്ലോ.

ചോദ്യം-5 : ശിർക്കല്ല എന്ന് പറയുന്നുണ്ടെങ്കിലും അങ്ങനെ സഹായം ചോദിക്കുന്നില്ലല്ലോ. അപ്പോൾ അതിനെ ഇത്രയേറെ വിമർശിക്കേണ്ടതുണ്ടോ?

ഉത്തരം : ഉണ്ട്. അത് ശിർക്കല്ല എന്നത് ഒരു വിശ്വാസമാണ്. വിശ്വാസം ഹൃദയം കൊണ്ടുള്ള പ്രവർത്തനമാണ്. വിശ്വാസം, അതല്ലേ എല്ലാം! മനസ്സിലുറച്ച ബോധ്യങ്ങൾ, അഹ്ലുസ്സുന്നഃയുടെ അടുക്കൽ, ഈമാനിന്റെ നിർവ്വചനപരിധിയിൽ ഉൾപ്പെടുന്ന കാര്യമാണെന്ന് അറിയില്ലേ.

ചോദ്യം-6 : ജിന്നിനോട് ഭൗതികമായ മാർഗ്ഗത്തിൽ സഹായം ചോദിക്കുന്നത് ശിർക്കാണെന്ന് പറയാതെ, ഹറാമാണെന്ന് പറഞ്ഞാൽ എന്താണ് കുഴപ്പം?

ഉത്തരം : കുഫ്റിൽ ചെന്നുചാടും; അതാണ് കുഴപ്പം! ഇസ്‌ലാമിൽനിന്ന് ബഹിഷ്കൃതനായിപ്പോകുന്ന പത്തു കാര്യങ്ങളിൽ മൂന്നാമത്തേത് കാണുക:

ثالثا: من لم يكفّر المشركين أو شك في كفرهم أو صحح مذهبهم كفر

"മുശ്‌രിക്കുകളെ അവിശ്വാസികളായി കാണാതിരിക്കുകയോ അവർ കുഫ്റിലാണെന്ന കാര്യത്തിൽ സംശയിക്കുകയോ അവരുടെ പക്ഷം ശരിവെക്കുകയോ ചെയ്യുന്നവൻ കാഫിറായതു തന്നെ."

ജിന്നിനോട് സഹായം തേടുക വഴി ശിർക്കിൽ അകപ്പെട്ടവരെ മുശ്‌രിക്കുകളായി കാണാതിരിക്കുകയും, അത് വെറും ഹറാം മാത്ര

മാണെന്ന് പറയുകയും, അവരെ തോളേറ്റുകയും ചെയ്യുന്നവരുടെ പരിണിതി എന്തായിരിക്കുമെന്ന് ഇനി പറയൂ. ജിന്നിനോട് സഹായം തേടുന്നവർ അല്ലാഹുവിന്റെ റുബൂബിയ്യത്തിലോ ഉലൂഹിയ്യത്തിലോ അസ്മാ-സ്വിഫാത്തുകളിലോ പങ്കുചേർക്കുന്നില്ലെന്ന് വാദിക്കുന്നതിലെ കുഴപ്പം കുഫ്റിൽ കുറഞ്ഞ മറ്റൊന്നുമായിരിക്കില്ല എന്നതിൽ ഇനിയും സംശയമോ?

ചോദ്യം-7 : يَا عِبَادَاللهِ أَعِينُونِي എന്ന വചനത്തിൽ ശിർക്കുണ്ടെന്ന് ഒരു പണ്ഡിതനും പറഞ്ഞിട്ടില്ലല്ലോ? അതിനെ കുറിച്ചെന്താണ് പറയാനുള്ളത്?

ഉത്തരം : പണ്ഡിതന്മാർ പറഞ്ഞത് മനസ്സിലാക്കാനുള്ള ബൗദ്ധികവികാസമോ ഹൃദയലാവണ്യമോ ഇല്ലാത്തതാണ് പ്രശ്നം. എതിർവാദത്തിനനുസരിച്ച് അവർ കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അത് ദുർബ്ബലം എന്ന് മാത്രം പറയേണ്ട സമയത്ത് അങ്ങനെ പറഞ്ഞു. അതുകൊണ്ട് വിവക്ഷിക്കുന്നത് മറഞ്ഞ വ്യക്തികളാകാമല്ലോ എന്ന് തെറ്റിദ്ധരിപ്പിച്ചപ്പോൾ അങ്ങനെ ഒരു വിവക്ഷ അതിനില്ലെന്ന് പറഞ്ഞു. അതിന്റെ മറപിടിച്ച് ജിന്നിനോട് സഹായം ചോദിക്കാം എന്ന് പറഞ്ഞപ്പോൾ ജിന്നിനോട് സഹായം ചോദിക്കുന്നത് ശിർക്കാണെന്ന് വ്യക്തമാക്കി. അവരുടെ ഫത്‌വകൾ പുസ്തകത്തിൽ അന്യത്ര ചേർത്തിട്ടുണ്ട്. അല്ലാതെ, ഖിയാമത്തുനാൾ വരെ വരാനിരിക്കുന്ന വ്യാജപ്രചരണങ്ങൾക്കെല്ലാം ഒരേ ശ്വാസത്തിൽ ഉത്തരം പറയാൻ പണ്ഡിതന്മാർ ഗൈബ് അറിയുന്നവരല്ലല്ലോ.

ചോദ്യം-8 : അപ്പോൾ സകരിയ്യ സ്വലാഹിയെയും അദ്ദേഹത്തെ പോലുള്ളവരെയും നിങ്ങൾ മുശ്‌രിക്കാക്കുകയല്ലേ ചെയ്യുന്നത്?

ഉത്തരം : പുസ്തകത്തിലെ *അതിലംഘനവും അതിലംഘകരും തമ്മിലുള്ള വേർതിരിവ്* (പുറം 30, 31) എന്ന ഭാഗം നിങ്ങൾ വായിച്ചില്ലേ? അഹ്‌ലുസ്സുന്നഃ ശിർക്ക് ആകുന്ന ഒരു പ്രവർത്തനത്തെ ശിർക്ക് എന്ന് വിധിക്കും. അതിനവർക്ക് പ്രമാണങ്ങളിൽനിന്നുള്ള തെളിവേ ആവശ്യമുള്ളു.

എന്നാൽ അത് ചെയ്യുന്ന ഒരു വ്യക്തിയെ നിർണ്ണയിച്ച് മുശ്‌രിക്ക് എന്ന് വിധിക്കാൻ അതിൽ കൂടുതൽ നടപടിക്രമങ്ങൾ ആവശ്യമാണ്. തെളിവുകൾ സ്ഥാപിക്കുക, നിബന്ധനകൾ പൂർത്തീകരിക്കുക, പ്രതിബന്ധങ്ങൾ നീങ്ങുക, എന്നിട്ടും ശിർക്കിൽ ഉറച്ചുനിൽക്കുന്ന പക്ഷം യോഗ്യനായ ഒരു വ്യക്തി അയാളെ മുശ്‌രിക്ക് എന്ന് വിധിക്കുക, ഇതുപോലുള്ള നടപടിക്രമങ്ങൾ..

സമസ്തക്കാരെ പോലും വ്യക്തി നിർണ്ണയിച്ച് മുശ്രിക്ക് എന്ന് വിധിക്കണമെങ്കിൽ മേൽ വ്യവസ്ഥ പാലിക്കണമെന്ന സത്യം ഞാൻ മുമ്പേ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നിട്ടല്ലേ സകരിയ്യ സ്വലാഹിയെയും അവനെ പോലുള്ളവരെയും മുശ്രിക്കാക്കൽ? അതിന്റെ പേരിലല്ലേ പല *'സഫലികളും'* ഇപ്പോഴും എന്നെ അധിക്ഷേപിച്ചു കൊണ്ടിരിക്കുന്നത്? പരസ്പരം മുശ്രിക്കാക്കാനും ശാപപ്രാർത്ഥന നടത്താനും എന്റെ പേരിന്റെ കൂടെ സ്വലാഹി, സഫലി, ഇസ്ലാഹി പോലുള്ള വാലുകളൊന്നും ഞാൻ ചേർക്കാറില്ലല്ലോ.

ചോദ്യം-9 : ആ വിശ്വാസത്തിൽ തന്നെയാണ് അദ്ദേഹം മരിച്ചത് എന്ന് വെക്കുക. എങ്കിൽ അദ്ദേഹത്തെ നിങ്ങൾ എങ്ങനെ കാണുന്നു?

ഉത്തരം : അങ്ങനെയാണെങ്കിൽ അവൻ മുതഅവ്വിൽ അഥവാ തെറ്റായ വ്യാഖ്യാനത്തിൽ പെട്ടുപോയവനായിരിക്കാം. അവന് അല്ലാഹുവിന്റെ അടുക്കൽ عُذْرٌ അഥവാ വിട്ടുവീഴ്ച ലഭിക്കട്ടെ എന്നു നാം പ്രത്യാശിക്കുക.

ചോദ്യം-10 : ഇവ്വിഷയത്തിൽ ജനം എന്ത് വിശ്വസിക്കണം എന്നാണ് നിങ്ങൾ പറയുന്നത്?

ഉത്തരം : ജിന്നിനോട് സഹായം ചോദിക്കുന്നത് ബദ്രീങ്ങൾ പോലുള്ള മരിച്ചുപോയ മഹാത്മാക്കളോടും, അബ്ദാലുകൾ പോലുള്ള മറഞ്ഞവരോടും സഹായം ചോദിക്കുന്നതു പോലെ കൊടിയ ശിർക്കാണ്. ജിന്നുവാദികൾ ജല്പിക്കുന്ന പോലെ, ശിർക്കാകാത്ത ഭൗതികമായ മാർഗ്ഗത്തിലുള്ള ഒരു സഹായം ചോദിക്കൽ ജിന്നുകളോട് സാധ്യമല്ല. അവരോട് എങ്ങനെ സഹായം ചോദിച്ചാലും അത് മറഞ്ഞവരോടുള്ള സഹായാർത്ഥനയാണ്; വലിയ ശിർക്കാണ്. ഈ വിശ്വാസം മനസ്സിൽ ഉറപ്പിക്കുകയും ജിന്നുതേട്ടത്തിൽനിന്ന് എല്ലാവരും പൂർണ്ണമായി മാറിനിൽക്കുകയും ചെയ്യണം.

ചോദ്യം-11 : താങ്കളെ കുറിച്ച് ചിലർ എഫ്.ബിയിലും വാട്സാപ്പിലും മറ്റു സമൂഹമാധ്യമങ്ങളിലും കടുത്ത ആരോപണങ്ങൾ ഉന്നയിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതിനോട് എന്താണ് പ്രതികരിക്കാനുള്ളത്?

ഉത്തരം : ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സ്വാഭാവികം എന്നേ അതിനെ കുറിച്ച് പറയാനുള്ളു. ജനങ്ങളുടെ വിശ്വാസാചാരങ്ങളിലുള്ള തെറ്റുകൾ ചൂണ്ടിക്കാണിച്ചാൽ അവർ ചീത്തവിളിക്കും എന്ന കാര്യം ഉറപ്പാണ്. അത് മനസ്സിലാക്കാനുള്ള സാമാന്യബോധം അല്ലാഹു എനിക്ക് നൽകിയിട്ടുണ്ട്.

ചോദ്യം-12 : ഇത്തരം അധിക്ഷേപങ്ങൾ നടത്തുന്നത് ആരാണെന്ന് അറിയാമോ?

ഉത്തരം : ഈ ചോദ്യം അവഗണിക്കാനാണ് ഇഷ്ടം. പക്ഷെ, കാണാമറയത്ത് നിൽക്കുന്നവർക്ക് അതും ഒരു തണുപ്പായി തോന്നും. അങ്ങനെയാണല്ലോ പിശാച് ജനങ്ങളെ വഞ്ചിക്കുന്നത്. അതിനാൽ പറയട്ടെ, ഏതെല്ലാം പ്രൊഫൈലുകളിൽനിന്നാണ് വരുന്നത് എന്ന് നന്നായറിയാം. മറുപടി പറയാൻ വേണ്ടത്ര വിഷയവുമുണ്ട്. പറയാനുള്ള കെൽപും അല്ലാഹു നൽകിയിട്ടുണ്ട്. അതിനുള്ള അനുവാദം മാത്രം അവൻ നൽകിയിട്ടില്ല. അതിനാൽ അല്ലാഹുവിന് വേണ്ടി വിനയം കാണിക്കുന്നു; വിവരദോഷികളിൽനിന്ന് തിരിഞ്ഞുകളയുന്നു. അല്ലാതെ, വിഡ്ഢിയാണെന്ന് ആരും കരുതല്ലേ.

ചോദ്യം-13 : അതിനു മറുപടി പറയാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം : ഉണ്ട്. അതിനുള്ള മറുപടി പറയാം. അബൂജുറയ് ജാബിറു ബിൻ സുലൈം ﵁ നിവേദനം. നബി ﷺ പറയുന്നു: «ആരെങ്കിലും നിന്നെ ചീത്തവിളിക്കുകയോ നിന്നെ കുറിച്ച് അവനറിയാവുന്ന കാര്യം പറഞ്ഞ് നിന്നെ അധിക്ഷേപിക്കുകയോ ചെയ്താൽ അവനെ കുറിച്ച് നിനക്കറിയാവുന്ന കാര്യങ്ങൾ വെച്ച് നീ അവനെ അങ്ങോട്ട് അധിക്ഷേപിക്കരുത്. അവൻ ചെയ്തതിന്റെ ഭവിഷ്യത്ത് അവന്റെ മേൽ കിടക്കട്ടെ.» (അബൂദാവൂദ് ഉദ്ധരിച്ച അൽബാനി സ്വഹീഹ് എന്ന് രേഖപ്പെടുത്തിയ ഹദീസിൽനിന്ന്)

ചോദ്യം-14 : വ്യക്തിപരമായി എന്തെങ്കിലും ഉപദേശിക്കാനുണ്ടോ?

ഉത്തരം : ഉണ്ട്; നിങ്ങളോടെന്ന പോലെ എന്നോടും. നമുക്കും പൂർവികർക്കും അല്ലാഹു നൽകിയ വസ്വിയ്യത്ത് ഉണർത്താനുണ്ട്. അഥവാ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കൂ എന്ന വസ്വിയ്യത്ത് മാത്രം.

*(അവസാനിക്കുന്നില്ല..)*

— അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്